(സി) തഴപ്പായ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തു വാങ്ങി ശേഖരിക്കുന്നതിനുവേണ്ട സാമ്പത്തികസഹായം, കരവിരുത് വർദ്ധിപ്പിച്ച് വൈവിധ്യമാർന്നതും പരിഷ്ക്കരിച്ചതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുതകുന്ന പരിശീലനം, ഇടനിലക്കാരെ ഒഴിവാക്കി ഉൽപ്പാദകർ തന്നെ നേരിട്ട് വിപണനരംഗത്തിറങ്ങി വരുമാന വർദ്ധനവ് നേടുക എന്നിവയാണ് തൊഴിലാളികൾക്ക് ലഭിക്കുന്ന പ്രധാന ആനുകൂല്യങ്ങൾ.

(ഡി) തഴ ഉൽപ്പന്നങ്ങളുടെ പ്രചരണാർത്ഥം വർദ്ധിച്ച വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള നടപടികളും കൺസോർഷ്യം ഏറ്റെടുത്ത് നടപ്പിലാക്കുന്നു. കൂടാതെ എസ്.എഫ്.എ.സി. തയ്യാറാക്കിയ "തെങ്ങിൻതടിയുടെ ഫലപ്രദമായ വിനിയോഗത്തിനുള്ള പദ്ധതി" പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ഏറെക്കുറെ പൂർത്തിയാക്കിക്കഴിഞ്ഞു. എസ്.എഫ്.എ.സി. നടപ്പിലാക്കാനുദ്ദേശിക്കുന്ന മറ്റ് പരിപാടികൾ ജൈവപ്ലേറ്റ് നിർമ്മാണ യൂണിറ്റുകൾ, വാഴനാര് ഉൽപ്പാദന യൂണിറ്റുകൾ, ഇഞ്ചിസത്തെടുക്കുന്ന യൂണിറ്റ്, അഗ്രി ബിസിനസ് കോംപ്ലക്സ് എന്നിവ സ്ഥാപിക്കുകയാണ്.

122 (2686) പോളിനേഷൻ തൊഴിലാളികൾ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നീലേശ്വരം പ്രാദേശിക വികസന കേന്ദ്രത്തിൽ പോളിനേഷൻ തൊഴിലാളികൾ എത്ര ഉണ്ടായിരുന്നുവെന്നും എത്ര വർഷമായി തൊഴിൽ ചെയ്തിരുന്നുവെന്നും വിശദീകരിക്കുമോ;

(ബി) പ്രാദേശിക വികസന കേന്ദ്രം കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറിയപ്പോൾ പ്രസ്തുത തൊഴിലാളികളേയും കൈമാറിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തുകൊണ്ടാണ് പോളിനേഷൻ തൊഴിലാളികളെ സ്ഥിരപ്പെടുത്താതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നീലേശ്വരം, പടന്നക്കാട് സർക്കാർ തെങ്ങിൻ തോട്ടത്തിൽ 50 പോളിനേഷൻ തൊഴിലാളികൾ 1975 മുതൽ ജോലി ചെയ്തിരുന്നു.

(ബി) ഇല്ല. തൊഴിലാളികളുടെ ലിസ്റ്റ് സർവ്വകലാശാലയ്ക്ക് നൽകിയിരുന്നു.

(സി) പോളിനേഷൻ സീസണൽ സ്വഭാവമുള്ള ജോലിയാകയാൽ പ്രസ്തുത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ നിലവിൽ വ്യവസ്ഥയില്ല.

123 (2687) ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ കമ്മിഷന്റെ പ്രവർത്തനത്തിന് ചെലവായ തുക

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കാർഷിക യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ കമ്മിഷന്റെ പ്രവർത്തനത്തിന് ആകെ എന്തു തുക ചെലവായി;

(ബി) ഇതിൽ ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാരുടെ ശമ്പളം, ടി.എ. ഓണറേറിയം തുടങ്ങിയ ഇനങ്ങളിൽ ചെലവായ തുക എത്രയാണ്;

(സി) കമ്മിഷന്റെ ഫൈനൽ റിപ്പോർട്ട് ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ ശുപാർശകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്. ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

124 (2688) സാമ്പത്തികസഹായം വിനിയോഗിക്കാതിരുന്ന നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസർച്ച് നൽകിയ സാമ്പത്തികസഹായം കേരള കാർഷിക സർവ്വകലാശാല ഏതെങ്കിലും കാലയളവിൽ പൂർണ്ണമായും വിനിയോഗിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് ഏത് കാലയളവിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര കോടി രൂപ ചെലവഴിക്കാത്തതായി കണക്കാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) തുക ചെലവഴിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഒരു ഗവേഷണ പദ്ധതിയുടെ കാര്യത്തിൽ പൂർണ്ണമായും വിനിയോഗിക്കാതിരുന്നിട്ടുണ്ട്.

(ബി) 1996-97 മുതലുള്ള കാലയളവിൽ

(സി) 6.74 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടില്ല.

(ഡി) ഡോ. രഞ്ജൻ എസ്. കരിപ്പായിയുടെ നേതൃത്വത്തിൽ ട്രെയിനിംഗ് ആന്റ് എക്സ്റ്റൻഷൻ പ്രോജക്ട് ഫോർ ഇന്റഗ്രേറ്റഡ് ഹോംസ്റ്റഡ് ഡെവലപ്മെന്റ് എന്ന പദ്ധതി നടപ്പിലാക്കാനായി 6.74 ലക്ഷം രൂപ അടങ്കൽത്തുക ഭാരതീയ കാർഷിക ഗവേഷണ സമിതി അനുവദിച്ചിരുന്നു. പദ്ധതി നടത്തിപ്പിന് നിയുക്തനായ ഡോ. രഞ്ജൻ എസ്. കരിപ്പായിയെ ഹോർട്ടികൾച്ചറൽ കോളേജിൽ നിന്നും 1996-97-ൽ മഞ്ചേശ്വരം കൃഷി വിജ്ഞാന കേന്ദ്രത്തിലേക്ക് മാറ്റിക്കൊണ്ട് ഉത്തരവുണ്ടായി. അതോടൊപ്പംതന്നെ പദ്ധതിയും മഞ്ചേശ്വരം കൃഷി വിജ്ഞാനകേന്ദ്രത്തിലേയ്ക്ക് മാറ്റിക്കൊണ്ട് ഉത്തരവുണ്ടായി. അതിനെതിരെ ഡോ. രഞ്ജൻ എസ്. കരിപ്പായി കേരള ഹൈക്കോടതിയെ സമീ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly